File No.FWLD-D2/448/2018-FWLD

I/3637779/2019

1803
28/11/19

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂട സന്ദർശനം- സന്ദർശകരിൽ നിന്നും ഈടാക്കുന്ന ഫീസ് പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനംവന്യജീവി(ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.5/2019/വനം** തീയതി,തിരുവനന്തപുരം, 04/01/2019

---

പരാമർശം:- 1 സ.ഉ(സാധാ) നം.08/2013/വനം തീയതി, 104/01/2013.

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ (വന്യജീവി വിഭാഗം)റുടെ 30/10/2018 തീയതിയിലെ ഡബ്ള്യൂ. എൽ 6-16257/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വളരെയേറെ പാരിസ്ഥിതിക പ്രാധാന്യമുള്ള അഗസ്ത്യാർകൂടത്തിൽ നിലവിൽ രണ്ടുതരത്തിലുള്ള ട്രക്കിങ് ആണ് നടത്തിവരുന്നത്.സംരക്ഷണാധിഷ്ഠിത ഓഫ്-സീസൺ ട്രെക്കിങ്ങും ജനുവരി-ഫെബ്രുവരി മാസങ്ങളിൽ നടത്തിവരുന്ന സീസൺ ട്രക്കിങ്ങും.. 2019-ലെ അഗസ്ത്യാർകൂട സന്ദർശനം (സീസൺ ട്രക്കിങ്) ജനുവരി 14 -ന ആരംഭിച്ച മാർച്ച് 1 -ന അവസാനിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. ബോണക്കാട് വനാതിർത്തിയില് നിന്നും ആരംഭിച്ച് അതിരുമല ഡോർമിറ്ററിയിലെ രണ്ടു രാത്രി താമസമുൾപ്പടെ മൂന്നു ദിവസം കൊണ്ട് പൂർത്തീകരിക്കുന്ന സന്ദർശനത്തിന്, വന്യമൃഗങ്ങളുടെ സാന്നിദ്ധ്യവും മേഖലയുടെ പരിസ്ഥിതി പ്രാധാന്യവും പരിഗണിച്ച് 10 പേരടങ്ങുന്ന ഓരോ ട്രക്കിങ്ങ് സംഘത്തേയും 2 ഗൈഡുകൾ അനുഗമിക്കേണ്ടതുണ്ട്. നിലവിൽ സന്ദർശകരിൽ നിന്നും സീസണിൽ ഒരാൾക്ക് 500/- രൂപ നിരക്കിലും സീസണല്ലാത്ത സമയത്ത് 1500/- രൂപ നിരക്കിലുമാണ് ഫീസ് ഈടാക്കുന്നത്.

2. അഗസ്ത്യാർകൂട സന്ദർശനവുമായി ബന്ധപ്പെട്ട് സന്ദർശകർക്ക് നൽകി വരുന്ന സേവനങ്ങൾക്കുള്ള ചെലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സീസണിലും ഓഫ്-സീസണിലും സന്ദർശകരിൽ നിന്നും ഈടാക്കുന്ന ഫീസ് വർദ്ധിപ്പിക്കണമെന്നും തുടർന്ന് വർഷം തോറും അടിസ്ഥാന നിരക്കിന്റെ 10% വച്ച് വർദ്ധനവ് വരുത്തണമെന്നും ആവശ്യപ്പെട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) പരാമർശം (2) കത്ത് പ്രകാരം സർക്കാരിൽ ശുപാർശ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗസ്ത്യാർകൂട സന്ദർശനവുമായി ബന്ധപ്പെട്ട സന്ദർശകർക്ക് നൽകി വരുന്ന സേവനങ്ങൾക്കുള്ള ചെലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സന്ദർശകരിൽ നിന്നും നിലവിൽ സീസണിൽ ഈടാക്കുന്ന 500/- രൂപ ഫീസ് 1000/-

രൂപയായും ഓഫ്-സീസണിൽ ഈടാക്കുന്ന 1500/- രൂപ ഫീസ് 2000/- രൂപയായും വർധിപ്പിച്ചു കൊണ്ടും തുടർന്ന് വർഷം തോറും അടിസ്ഥാന നിരക്കിന്റെ 10% വച്ച് വർദ്ധനവ് വരുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. സന്ദർശകരിൽ നിന്നും ഈടാക്കുന്ന ഫീസിന്റെ 1/3 ഭാഗം ഇക്കോ ഡവലപ് മെന്റ് കമ്മിറ്റിക്കും 2/3 ഭാഗം സർക്കാരിലേക്കും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനില് കുമാര്.വി.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,

തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വൈർഡൻ തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യമല ബയോസ്ഫിയർ പ്രോജക്ട്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങിലും സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ്:

വനംവന്യജീവി വകുപ്പ് മന്ത്രിയുടെ പി .എസ്

വനംവന്യജീവിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ